**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1818 **05.10.2016**-ലെ മറുപടിക്ക്

<u>പട്ടിക വിഭാഗങ്ങൾക്ക് വീട് വയ്ക്കുന്നതിനുള്ള ധനസഹായം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മോൻസ് ജോസഫ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗക്കാർക്ക് അനുവദിക്കുന്ന ധനസഹായവും ആയതിന്റെ ഉപയോഗവും കൃത്യമായി യഥാർത്ഥ ഗുണഭോക്താക്കൾക്ക് കിട്ടുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ നിരീക്ഷണ സമിതികൾ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | വകുപ്പ് തലത്തിലും ജില്ലാതലത്തിലും നിലവിൽ ഗുണഭോക്താക്കൾക്ക് കിട്ടുന്നുണ്ടോ എന്ന് പരിശോധിക്കുന്ന സംവിധാനമുണ്ട്. |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വീട് വയ്ക്കുന്നതിനുള്ള ധനസഹായം ഉയർത്തുന്ന കാര്യം പരിഗണിക്കുമോ; | (ബി) | കാലാകാലങ്ങളിൽ വീട് വയ്ക്കുന്നതിനുള്ള ചിലവ് വർദ്ധിക്കുന്നതിന് ആനുപാതികമായി ധനസഹായം വർദ്ധിപ്പിച്ച് നൽകുന്നുണ്ട്. |
| (സി) | വീട്ടു വയ്ക്കുന്നതിനുള്ള തുക പരിമിതമായതു കാരണം പാതി വഴിയിൽ ഉപേക്ഷിച്ച ഭവന നിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കുവാൻ ധനസഹായം അനുവദിക്കുമോ; പൂർത്തിയാകാത്ത വീടുകൾക്ക് മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുമോ;വിശദമാക്കുമോ? | (സി) | തുക പരിമിതമായതു കാരണം പട്ടികജാതിക്കാരുടെ പാതിവഴിയിലുപേക്ഷിച്ച വീടുകൾക്ക് 'സ്പിൽ ഓവർ പദ്ധതി' പ്രകാരം പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് നിലവിലെ ഓരോ ഗഡുവിനും ആനുപാതികമായി കൈപ്പറ്റിയ ഗഡുക്കൾക്കനുസരിച്ച് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളവർക്ക് ബാക്കി ഗഡുക്കൾ പുതുക്കിയ നിരക്കിൽ നൽകി വരുന്നുണ്ട്. 6 വർഷം കഴിഞ്ഞിട്ടും നിലവിൽ നിർമ്മാണം പൂർത്തിയാകാത്ത പട്ടികവർഗ്ഗ വിഭാഗക്കാരുടെ വീടുകൾ വാസയോഗ്യമാം വിധം പൂർത്തീകരിക്കുന്നതിനായി പരമാവധി ഒരു ലക്ഷം രൂപ വരെ അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ